# KERALA POLICE INFORMATION CENTRE

No.21/PR/PIC/PHQ/10 Date : 03/03/10

**94979 00000**

## കേരളാ പോലീസ് മെസ്സേജ് സെന്റർ

കേരളാ പോലീസ് മെസ്സേജ് സെന്റർ നാളെ (04-03-10) വൈകുന്നേരം 4 മണിയ്ക്ക് പോലീസ് ആസ്ഥാനത്ത് ആഭ്യന്തരവകുപ്പ് മന്ത്രി ശ്രീ. കോടിയേരി ബാലകൃഷ്ണൻ ഉത്ഘാടനം ചെയ്യുന്നു.

ഇപ്പോൾ സംസ്ഥാനതലത്തിലുള്ള ഹൈവെ അലർട്ട് (**9846100100**), റെയിൽ അലർട്ട് (**9846200100**) നമ്പരുകളിലും, ജില്ലാതലത്തിലുള്ള കൺട്രോൾ റൂം (**100**), വനിതാ ഹെൽപ്പ് (**1091**), ട്രാഫിക് അലർട്ട് (**1099**) എന്നിവയിലൂടെയും, പൊതുജനങ്ങൾക്ക് ഫോണിലൂടെ പോലീസുമായി ബന്ധപ്പെടാവുന്നതാണ്. പോലീസ് സ്റ്റേഷനുകൾ കമ്പ്യൂട്ടർവൽക്കരിച്ചതിലൂടെ ഇ-മെയിൽ വഴിയും പൊതുജനങ്ങൾക്ക് പോലീസുമായി ബന്ധപ്പെടാൻ കഴിയുന്നുണ്ട്.

ഇവയ്ക്കു പുറമെ മൊബൈൽ ഫോൺ സന്ദേശത്തിലൂടെ പോലീസുമായി ബന്ധപ്പെടാവുന്ന സംവിധാനമാണ് മെസ്സേജ് സെന്റർ ഉത്ഘാടനം ചെയ്യുന്നതിലൂടെ നാളെ നിലവിൽവരുന്നത്.

മൊബൈൽ ഫോണിൽ നിന്നും ടെക്സ്റ്റ് മെസേജ് വഴി ഏതുവിവരവും ഒരു ഏകജാലക നമ്പരിലേക്ക് മെസ്സേജ് ആയി അയക്കാവുന്നതും ഇങ്ങനെ ലഭ്യമാകുന്ന സന്ദേശത്തിന്മേൽ നടപടി എടുക്കേണ്ട ഉദ്യോഗസ്ഥർക്ക് ഒറ്റയ്ക്കോ, ഗ്രൂപ്പായോ പ്രസ്തുത വിവരം ഉടൻ തന്നെ മെസ്സേജ് സെന്ററിൽ നിന്നും കൈമാറുകയും ചെയ്യും. കേരളാ പോലീസിന്റെ 15,250 മൊബൈൽ ഫോണുകളിലേക്കും ഒരേസമയം പൊതുജനങ്ങളിൽ നിന്നുള്ള പരാതികൾ എത്തിക്കുന്നതിനുള്ള സംവിധാനമാണ് ഇത്.

രണ്ടുകോടിയിൽപ്പരം മൊബൈൽഫോൺ ഉപയോക്താക്കളുള്ള കേരളത്തിൽ ഈ സംവിധാനം പൊതുജനങ്ങൾക്ക് ഏറെ പ്രയോജനപ്രദമാകും. ലോകത്തിന്റെ ഏതു മൂലയിൽ നിന്നും **9497900000** എന്ന ഏകജാലക നമ്പരിലൂടെ പരാതികൾ പോലീസിന് അയക്കാവുന്നതാണ്. എന്നാൽ ഈ നമ്പരിലേക്ക് നേരിട്ട് വിളിച്ച് സംസാരത്തിലൂടെ പരാതിപ്പെടാൻ കഴിയുകയില്ല.

പൊതുജനങ്ങൾക്ക് പോലീസിനെ അറിയിക്കേണ്ട ഏതുവിവരവും മെസ്സേജ് സെന്ററിലൂടെ അറിയിക്കാവുന്നതാണ്. ജീവനും സ്വത്തിനും അപ്രതീക്ഷിതമായി നേരിടുന്ന ഭീഷണി, ഏതെങ്കിലും കുറ്റകൃത്യങ്ങൾക്കോ അപകടങ്ങൾക്കോ ദൃക്സാക്ഷി ആവുകയും എന്നാൽ സ്ഥലത്ത് പോലീസ് സാന്നിദ്ധ്യം ഇല്ലാതിരിക്കുകയും ചെയ്യുക, ജീവനും സ്വത്തിനും ഭീഷണി ഉണ്ടാകുന്ന തരത്തിലുള്ള സംശയാസ്പദമായി ആളുകളെയോ വസ്തുക്കളെയോ പറ്റി വിവരം ലഭിക്കുക, സാമൂഹികവിരുദ്ധരുടെ അതിക്രമങ്ങൾ ശ്രദ്ധയിൽപ്പെടുക, പിടികിട്ടാപ്പുള്ളികളെ പറ്റിയുള്ള വിവരങ്ങൾ ലഭിക്കുക, കൂടുതൽ സമയം ട്രാഫിക് കുരുക്കിൽ അകപ്പെടുക, സ്ത്രീകൾക്കും കുട്ടികൾക്കും എതിരായ ശല്യങ്ങൾ ശ്രദ്ധയിൽപ്പെടുക തുടങ്ങിയ സാഹചര്യങ്ങളിലും ലോക്കൽ പോലീസിനെയോ ബന്ധപ്പെട്ട അധികൃതരെയോ വിവരം അറിയിച്ചിട്ടും നടപടി വൈകുന്ന സാഹചര്യങ്ങളിലും മെസ്സേജ് സെന്ററിലേക്ക് **9497900000** എന്ന നമ്പരിൽ സന്ദേശം അയക്കാവുന്നതാണ്.

എന്നാൽ ഈ നമ്പരിലേക്ക് വ്യാജ സന്ദേശങ്ങൾ, നന്ദി പ്രകാശിപ്പിച്ചുകൊണ്ടുള്ള സന്ദേശങ്ങൾ, ആശംസാ സന്ദേശങ്ങൾ, തമാശ സന്ദേശങ്ങൾ എന്നിവ കൂടാതെ ജലവിതരണം, വിദ്യുച്ഛക്തി തടസ്സം, കാലാവസ്ഥാ അറിയിപ്പുകൾ, ഒരു സ്ഥലത്ത് എത്താനുള്ള വഴി ചോദിക്കുക തുടങ്ങിയ സന്ദേശങ്ങളും അയക്കുവാൻ പാടില്ല.

പോലീസ് ആസ്ഥാനത്ത് ഹൈ-ടെക് സെല്ലിൽ പ്രവർത്തിക്കുന്ന മെസേജ് സെന്ററിന് ആവശ്യമായ സോഫ്റ്റ്വെയർ വികസിപ്പിച്ചെടുത്തത് കേന്ദ്രസർക്കാർ സ്ഥാപനമായ എൻ.ഐ.സി ആണ്. കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ബി.എസ്.എൻ.എൽ ആണ് മെസ്സേജ് സെന്ററിന്റെ സർവ്വീസ് പ്രൊവൈഡർ.

നാളെ (മാർച്ച് 4) വൈകുന്നേരം 4 മണിക്ക് പോലീസ് ആസ്ഥാനത്ത് നടക്കുന്ന ഉത്ഘാടന ചടങ്ങിൽ ശ്രീ.വി.ശിവൻകുട്ടി എം.എൽ.എ അദ്ധ്യക്ഷത വഹിക്കും. ഡി.ജി.പി ശ്രീ.ജേക്കബ് പുന്നൂസ് ഐ.പി.എസ്, എസ്.സി.ആർ.ബി ഐ.ജി ശ്രീ.ടോമിൻ ജെ തച്ചങ്കരി ഐ.പി.എസ്, ശ്രീ.കെ.ശ്രീനിവാസൻ (സി.ജി.എം, ബി.എസ്.എൻ.എൽ), ശ്രീ.കെ.സന്താനരാമൻ (എൻ.ഐ.സി), ഡി.ഐ.ജി ശ്രീ.എസ്.ഗോപിനാഥ് ഐ.പി.എസ്, ഫ്രാറ്റ് പ്രസിഡന്റ് ശ്രീ.പട്ടം ശശിധരൻ നായർ എന്നിവർ ചടങ്ങിൽ സംബന്ധിക്കും.

The contents of this document may be deemed to be based on received information which is subject to further verification